"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിന്നും ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ.കെ.ചന്ദ്രൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(41/15) നമ്പർ കേസ്സിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 08.03.2019 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.607/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/03/2020

---

പരാമർശം:- 1 സ.ഉ(സാധാ) നം.3268/2016/തസ്വഭവ തീയതി 01/12/2016.

2 അക്കൗണ്ടന്റ് ജനറലിന്റെ 23.11.2017 ലെ വെരിഫിക്കേഷൻ റിപ്പോർട്ട്.

3 ശ്രീ.കെ.ചന്ദ്രൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(41/15) നമ്പർ കേസ്സിന്മേലുള്ള 08.03.2019 ലെ ഉത്തരവ്.

4 പഞ്ചായത്ത് ഡയറക്ടറുടെ 13.12.2020, 07.08.2019 എന്നീ തീയതികളിലെ PAN/13412/2019-H3(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിന്നും 31.05.2012 ൽ സേവനത്തിൽ നിന്നും വിരമിച്ച ക്ലാർക്ക് ശ്രീ.കെ.ചന്ദ്രന്റെ പൂർണ്ണമായ പെൻഷൻ ആനുകൂല്യം അക്കൗണ്ടന്റ് ജനറൽ അംഗീകരിക്കുകയും, ആയത് അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ടിയാന്റെ പെൻഷൻ ആനുകൂല്യത്തിനുള്ള അപേക്ഷ ലഭിക്കുന്നതിൽ ഉണ്ടായ കാലതാമസം കാരണം 28.10.2017 പ്രാബല്യത്തിൽ മാത്രം പെൻഷൻ ആനുകൂല്യം അനുവദിച്ചതിനെതിരെ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ 01.06.2012 മുതൽ മുൻകാല പ്രാബല്യത്തോടെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒഎ(41/15) നമ്പർ കേസ്സിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 08.03.2019 ൽ പരാമർശം(3) പ്രകാരം ഉത്തരവ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ അപേക്ഷകന് മുഴുവൻ പെൻഷൻ അനുവദിക്കുന്നതിന് സർക്കാർ കെ എസ് ആർ ഭാഗം 3, ചട്ടം 120 പ്രകാരമുള്ള അധികാരം വിനിയോഗിക്കത്തക്ക ഒരു കേസ്സാണിതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ച മൂലമാണ് ടിയാന് പെൻഷൻ ആനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതെന്നും ആയതിനാൽ അപേക്ഷകന് യഥാസമയം അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നതിന് ടിയാന് പഴിപറയാനാകില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് അപേക്ഷകന് 01.06.2012 മുതൽ പെൻഷൻ അനുവദിക്കണമെന്നുള്ള ടിയാന്റെ ആവശ്യം പരിശോധിച്ച് സർക്കാർ തീരുമാനിക്കേണ്ടതാണെന്നും ആയത് ഉത്തരവ് കൈപ്പറ്റി മൂന്നു മാസത്തിനുള്ളിൽ പുറപ്പെടുവിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. കൂടാതെ ടിയാന്റെ ഡി.സി.ആർ.ജി യും പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും ലഭ്യമാക്കുന്നതിന് 6

വർഷത്തോളം കാലതാമസമുണ്ടായതിനാൽ ഡി.സി.ആർ.ജി ക്കും പെൻഷൻ കമ്മ്യൂട്ടേഷൻ തുകയ്ക്കും 01.09.2012 മുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന തീയതി വരെ 9% പലിശ ഉൾപ്പെടെയും അപേക്ഷകന് ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും, വിധിന്യായം ലഭിച്ച് മൂന്ന് മാസത്തിനകം ഇക്കാര്യത്തിൽ സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. കൂടാതെ ടിയാന് പലിശ ഇനത്തിൽ നൽകുന്ന തുക ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ വീഴ്ചയും കാലതാമസവും വരുത്തിയ മൂന്നും നാലും എതിർകക്ഷികളായ ആ കാലയളവിലുള്ള ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും പക്കൽ നിന്ന് ഈടാക്കുന്നതിനും ഇവർക്കെതിരെ നിയമപരമായ നടപടിക്രമങ്ങൾ പാലിച്ച് നടപടി സ്വീകരിക്കണമോയെന്ന് തീരുമാനിക്കുന്നതിനും സർക്കാരിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണെന്നും ഉത്തരവായിരുന്നു.

2. കെ.എസ്.ആർ പാർട്ട് III, ചട്ടം 120 പ്രകാരം ഒരു ജീവനക്കാരൻ വിരമിച്ച് 3 വർഷത്തിനുശേഷം പെൻഷൻ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ആയത് അനുവദിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ് എന്നും കൂടാതെ കെ.എസ്.ആർ പാർട്ട് III, റൂൾ 135 പ്രകാരം 3 വർഷത്തിന് ശേഷം അവകാശപ്പെടാത്ത പെൻഷൻ നഷ്ടപ്പെടുന്നതായിരിക്കും എന്നും ഇപ്രകാരം നഷ്ടപ്പെടുന്ന പെൻഷൻ അർഹമായതും വ്യക്തമായതുമായ സാഹചര്യത്തിൽ മാത്രമേ നൽകാനാവൂ എന്നും വ്യവസ്ഥകൾ നിലവിലുണ്ട്. പെൻഷൻ അപേക്ഷ യഥാസമയം സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്തം ജീവനക്കാരന്റേതാണ് എന്നിരിക്കേ 31.05.2012 -ൽ വിരമിച്ച ശ്രീ.കെ.ചന്ദ്രൻ നിശ്ചിത സമയത്തിനുള്ളിൽ പെൻഷന് അപേക്ഷിക്കുന്നതിൽ വീഴ്ച വരുത്തിയിരുന്നു എന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി. 31.05.2012 ന് സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ കെ.ചന്ദ്രന് നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിനും സസ്പെൻഷൻ കാലം ക്രമീകരിക്കാനുമുള്ള കാലതാമസം കാരണമാണ് പെൻഷനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായത്. അനുവദിക്കപ്പെട്ട പെൻഷൻ അപേക്ഷിക്കുന്നതിന് ശ്രീ.കെ.ചന്ദ്രന്റെ ഭാഗത്തുനിന്ന് കാലതാമസം നേരിട്ടില്ലെന്ന് ബഹു.ട്രിബ്യൂണൽ കണ്ടെത്തിയിട്ടുണ്ട്. നിരീക്ഷണകാലം പ്രഖ്യാപിക്കലും സസ്പെൻഷൻ കാലം ക്രമീകരിക്കലും ജീവനക്കാരുടെ പെൻഷൻ സമയബന്ധിതമായി അനുവദിക്കുന്നതിനും ബന്ധപ്പെട്ട നിയമനാധികരികൾക്ക് ഉത്തരവാദിത്തം ഉണ്ടെന്നിരിക്കേ ശ്രീ കെ.ചന്ദ്രൻ അപേക്ഷ സമർപ്പിക്കാൻ ഉണ്ടായ കാലതാമസമാണ് പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം നേരിട്ടതെന്ന് ആരോപിക്കുവാൻ കഴിയുകയില്ലെന്നും ടിയാന്റെ നിരീക്ഷണകാലം പ്രഖ്യാപിച്ചുകൊണ്ട് 01.12.2016 ൽ പുറപ്പെടുവിച്ച പരാമർശം (1) സർക്കാർ ഉത്തരവിന് ശേഷമാണ് ടിയാന്റെ പെൻഷൻ സംബന്ധമായ ഫയലുകൾ ബന്ധപ്പെട്ട അധികാരികൾ പരിഗണിച്ചത് എന്നും കണ്ടെത്തുകയുണ്ടായി. മാത്രവുമല്ല ടിയാന്റെ സസ്പെൻഷൻ കാലയളവ ക്രമീകരിക്കുന്നതിലും നിരീക്ഷണകാലം പ്രഖ്യാപിക്കുന്നതിനുമുള്ള കാലതാമസം കാരണമാണ് ടിയാന് സമയബന്ധിതമായി പെൻഷന് വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതെന്ന് ബഹു.ട്രിബ്യൂണൽ കണ്ടെത്തുകയുണ്ടായി.

3. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിൽ നിന്നും 31.05.2012 ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ നിന്ന് വിരമിച്ച ശ്രീ.കെ.ചന്ദ്രന് 01.06.2012 തീയതി പ്രാബല്യത്തിൽ പെൻഷൻ അനുവദിക്കുന്നതിനും അതോടൊപ്പം ഡി.സി.ആർ.ജി തുകയ്ക്കും പെൻഷൻ കമ്മ്യൂട്ടേഷൻ തുകയ്ക്കും 01.09.2012 മുതൽ 9% പലിശ 2071-01-104-88 (Charged NP) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം(3) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.ചന്ദ്രന്റെ പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിൽ വീഴ്ചയും കാലതാമസവും വരുത്തിയ മൂന്നും നാലും എതിർകക്ഷികളായ ആ കാലയളവിലുള്ള ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയും മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും പക്കൽ നിന്ന് നടപടിക്രമങ്ങൾ

പാലിച്ച് ടിയാൾക്ക് പലിശ ഇനത്തിൽ നൽകുന്ന തുക ഈടാക്കുന്നതിനും പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച് സർക്കാരിൽ അറിയിക്കേണ്ടതാണ്.

5. പരാമർശം (3) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒഎ(41/15) നമ്പർ കേസ്സിന്മേലുള്ള 08.03.2019 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.കെ.ചന്ദ്രൻ, ഗീതാ നിവാസ്, ളുക്കുപാറ പി.ഓ, ഇടുക്കി

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ധന വകുപ്പ് (22/01/2020 ലെ ധെവ1/201/18/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

ഡയറക്ടർ, ഐ.കെ.എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 67/ഇപിഎ1/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Danya M S

സെക്ഷൻ ഓഫീസർ